പൈപ്പ് പൊട്ടുന്നത് പരിഹരിക്കാൻ നടപടി

23(926) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. എസ്. സുപാൽ :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ മേഖലയിലും മറ്റും ചിലയിടങ്ങളിലും തുടർച്ചയായി പൈപ്പ് പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി തകരാർമൂലവും പമ്പിംഗ് തടസ്സംമൂലവും ഉണ്ടാകുന്ന വാട്ടർ ഹാമർ, എയർബ്ലോക്ക് മുതലായവകൊണ്ടാണ് പൈപ്പുകൾ പൊട്ടാറുള്ളത്. കാലപ്പഴക്കം ചെന്ന പ്രിമോപൈപ്പാണ് കൂടുതൽ പൊട്ടുന്നതായി കാണുന്നത്. ഗുരുവായൂരിൽ പ്രിമോ പൈപ്പ് മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. പീച്ചിയിൽ നിന്നും തൃശ്ശൂരിലേക്കും പരിസര പ്രദേശങ്ങളിലേയ് ക്കും ജലം കൊണ്ടുവരുന്ന, പാടശേഖരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 700 എം.എം. പ്രിമോപൈപ്പിന് കാലപ്പഴക്കംമൂലം ബലക്കുറവ് സംഭവിച്ചിട്ടുള്ളതിനാൽ പൈപ്പ് ലൈനിൽ ഉയർന്ന സമ്മർദ്ദ വ്യതിയാനങ്ങൾ ഉണ്ടാകുമ്പോൾ ഈ പ്രദേശങ്ങളിൽ പൈപ്പ് പൊട്ടലിന് ഇടയാകുന്നു. പൈപ്പ് പൊട്ടൽ യുദ്ധ കാലാടിസ്ഥാനത്തിൽ പരിഹരിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം ജലവിതരണം പുനസ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

24(927) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അരൂർ നിയോജകമണ്ഡലത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. എഴുപുന്ന പഞ്ചായത്തിലെ സാംസ്ക്കാരിക നിലയത്തിനടുത്ത് ഒരു ടാങ്ക് സ്ഥാപിച്ച് ജലം സംഭരിച്ച് ജലവിതരണം മെച്ചപ്പെടുത്താൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ദർഘാസ് നടപടി പുരോഗതിയിലാണ്. പട്ടണക്കാട് പഞ്ചായത്തിന് എൽ.ഐ.സി. യുടെ സഹായത്തോടെ അനുവദിച്ച പദ്ധതിയുടെ ജലസംഭരണി ഒഴികെയുള്ള പണികൾ പൂർത്തികരിച്ച് ജലവിതരണം ഭാഗികമായി നടത്തി വരുന്നു. പള്ളിത്തോട് ഭാഗത്തെ കുഴൽ കിണർ പ്രവർത്തനക്ഷമമാക്കി. കുത്തിയതോട് പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്താൻ എസ്റ്റിമേറ്റ്

LIBRARY ARCHIVES Kerala Legislative Assembly